(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ആയുർവേദ ഡിസ്പെൻസറികളുടെയോ എൻ.ആർ.എച്ച്.എം. ആയുർവേദ ആശുപത്രികളുടെയോ സേവനം ലഭ്യമല്ലാത്ത 4 പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. സർക്കാർ ആയുർവേദ ഡിസ്പെൻസറികളില്ലാത്ത 167 പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ 10-7-2015-ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളുടെ എണ്ണം

53 (4856) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഉള്ള ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) തിരുവനന്തപുരം ദന്തൽ കോളേജിൽ ഫാർമസിസ്റ്റ് തസ്തിക ഉണ്ടോ ; നിലവിൽ ഫാർമസിസ്റ്റ് ജോലി ചെയ്യുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കോളേജിൽ മരുന്നുകളുടെ ഇന്റന്റ് തയ്യാർ ചെയ്യുന്നതും സ്റ്റോക്ക് സൂക്ഷിച്ചുവിതരണം ചെയ്യുന്നതും ആരാണ് ; വ്യക്തമാക്കുമോ ;

(ഇ) സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ എന്നിവരുടെ തസ്തിക വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം (I) ആയി നൽകിയിരിക്കുന്നു.*

(ബി) അനുബന്ധം (II) ആയി നൽകിയിരിക്കുന്നു.*

(സി) ഇല്ല.

(ഡി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ സീനിയറായ ഒരു ഡെന്റൽ ഹൈജീനിസ്റ്റിനെയാണ് പ്രസ്തുത ജോലിക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) 21-3-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 106/2014/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റിന്റെ 40 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഫാർമസിസ്റ്റ്/ലാബ് ടെക്നീഷ്യന്റെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി

54 (4857) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ ഉള്ള PHC മുതൽ മെഡിക്കൽ കോളേജ് വരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിലെ ക്വാർട്ടേഴ്സുകൾ കൃത്യമായി മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനും രോഗികൾക്ക് ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.